**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1943** **14.08.2017-** ൽ മറുപടിയ്ക്ക്

**വയോജനക്ഷേമം**

**ചോദ്യം** | **മറുപടി**

**ശ്രീ.പുരുഷൻ കടലുണ്ടി**
**ശ്രീ.സി.കെ.ഹരീന്ദ്രൻ**
**ശ്രീ.കെ.കുഞ്ഞിരാമൻ.**
**ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ**

**ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മുതിർന്ന പൗരന്മാർക്ക് വേണ്ടി 'സായംപ്രഭ പദ്ധതി' നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് മുതിർന്ന പൗരന്മാർക്ക് വേണ്ടി നടപ്പിലാക്കുന്ന 'സായംപ്രഭ പദ്ധതി' പ്രാരംഭ ഘട്ടത്തിലാണ്. വയോജനങ്ങളുടെ ക്ഷേമം മുൻനിർത്തി 'സായംപ്രഭ ' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2235-02-104-82 (പി) ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തിവരുന്ന പകൽ പരിപാലന കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി അപ്ഗ്രേഡ് ചെയ്ത് സായംപ്രഭ ഹോമുകളാക്കി മാറ്റുന്നതിന് 1,96,00,000/-രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് 60 വയസ്സ് കഴിഞ്ഞ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് സൗജന്യമായി ദന്തനിര വച്ച് കൊടുക്കുന്നതിന് 'മന്ദഹാസം' എന്ന പേരിലുള്ള പദ്ധതിയ്ക്കും 2017-18 സാമ്പത്തിക |

| | | | |
|---|---|---|---|
| | | | വർഷം ഭരണാനുമതി നൽകിയിട്ടുണ്ട്. അടങ്കൽ തുക 77 ലക്ഷം രൂപയാണ്. തെരഞ്ഞെടുക്കപ്പെടുന്ന 1500 ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. |
| (ബി) | മുതിർന്നവരോട് ആദരവ് വർദ്ധിപ്പിക്കുന്നതിന് 'വളരുന്ന കേരളം വളർത്തിയവർക്ക് ആദരം'എന്ന പേരിൽ വിപുലമായ പരിപാടികൾ ആരംഭിച്ചിട്ടുണ്ടോ; | (ബി) | 'വളരുന്ന കേരളം വളർത്തിയവർക്ക് ആദരം' എന്ന ആശയത്തിന്റെ ഭാഗമായി കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, നഗരസഭകൾ, ജില്ല, ബ്ലോക്ക് ഗ്രാമപഞ്ചായത്തുകൾ വഴി മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും Elder Friendly City ആയി രൂപാന്തരപ്പെടുത്തുന്നതിന് നഗരസഭകൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി പദ്ധതികൾ ആവിഷ്കരിക്കുന്നുമുണ്ട്. 2017-18 വർഷം 'വളരുന്ന കേരളം വളർത്തിയവർക്ക് ആദരം' ഗ്രാമപ്രദേശങ്ങളിൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളിൽ ആരോഗ്യ സംരക്ഷണവും, മാനസിക ഉല്ലാസവും, പാലിയേറ്റീവ് കെയർ, വയോജനങ്ങൾക്ക് സർക്കാർ വഴിയുള്ള ആനുകൂല്യങ്ങളുടെ വിവരങ്ങൾ നൽകുന്ന ഹെൽപ്പ്ഡെസ്ക് എന്നിവ ആരംഭിക്കുവാനുള്ള നടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ചുവരുന്നു. |
| (സി) | വിവിധ രോഗങ്ങളാൽ കിടപ്പിലായ വയോജനങ്ങൾക്കായി | (സി) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന കിടപ്പിലായ വയോജനങ്ങൾക്കായി |

| | | | |
|---|---|---|---|
| | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടോ; | | നഗരസഭകളിൽ താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രികളിലെ പാലിയേറ്റീവ് കെയർ യൂണിറ്റുമായി സഹകരിച്ച് 'വയോമിത്രം' പദ്ധതി വഴി സഹായങ്ങൾ നൽകുന്നുണ്ട്. 2017-18 സാമ്പത്തിക വർഷാവസാനത്തോടുകൂടി ഗ്രാമ പ്രദേശങ്ങളിലേയ്ക്കു കൂടി പദ്ധതി വ്യാപിപ്പിക്കുന്നതിന് സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | വൃദ്ധജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി സംസ്ഥാനത്ത് കൂടുതൽ വൃദ്ധസദനങ്ങളും പകൽവീടുകളും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | 'സായംപ്രഭ ' പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന തെരഞ്ഞെടുക്കപ്പെട്ട 70 പകൽ പരിപാലന കേന്ദ്രങ്ങളിൽ നിലവിലുള്ള സൗകര്യങ്ങൾക്കു പുറമേ കെയർ-ഗിവർമാരുടെ സേവനം, യോഗ/ മെഡിറ്റേഷൻ, കൗൺസിലിംഗ്, വൈദ്യപരിശോധന, പോഷകാഹാരം തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തി ഇവയെ 'സായംപ്രഭ ' ഹോമാക്കി മാറ്റുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. 16 സർക്കാർ വൃദ്ധ സദനങ്ങളും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നിയന്ത്രണത്തിലുള്ളതും എൻ.ജി.ഒ.കൾ നടത്തുന്നതുമായി 576 വൃദ്ധസദനങ്ങളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**